പതിനാലാം കേരള നിയമസഭ

പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 1471 06.03.2018 ൽ മറുപടിക്ക്

## കാസർഗോഡ് നഗരത്തിൽ ഗതാഗത വകുപ്പ് പദ്ധതികൾ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. എൻ.എ. നെല്ലിക്കുന്ന് : | ശ്രീ. എ.കെ.ശശീന്ദ്രൻ<br>(ഗതാഗത വകുപ്പുമന്ത്രി) |
| (എ) കാസർഗോഡ് നഗരത്തിലെ തിരക്കേറിയ ജംഗ്ഷനുകളിൽ കാൽനട യാത്രക്കാർക്ക് റോഡ് മുറിച്ചുകടക്കുന്നതിനായി ഫുട് ഓവർ ബ്രിഡ്ജ് സ്ഥാപിക്കുന്നതിനുള്ള പ്രൊപ്പോസൽ ജില്ലാ റോഡ് സുരക്ഷാ കൗൺസിൽ ചെയർമാൻ കൂടിയായ ജില്ലാകളക്ടർ സമർപ്പിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ; | (എ) സമർപ്പിച്ചിട്ടില്ല . |
| (ബി) ഉണ്ടെങ്കിൽ അതിന്മേൽ സ്വീകരിച്ച തുടർ നടപടികൾ വ്യക്തമാക്കുമോ; | (ബി) ബാധകമല്ല. |
| (സി) ഇല്ലെങ്കിൽ പ്രൊപ്പോസൽ സമർപ്പിക്കാൻ കാലതാമസമുണ്ടായതിന്റെ കാരണം വ്യക്തമാക്കുമോ; | (സി) നാഷണൽ ഹൈവേ നാലു വരി പാത നിർമ്മാണ പ്രവൃത്തി നടന്നു കൊണ്ടിരിക്കുന്നതിനാൽ ഫുട്ട് ഓവർ ബ്രിഡ്ജ് സ്ഥാപിക്കുന്നത് നിർമ്മാണ പ്രവൃത്തികൾക്ക് ബുദ്ധിമുട്ട് നേരിടുന്നതിനാലാണ് പ്രൊപ്പോസൽ സമർപ്പിക്കുവാൻ കാലതാമസം നേരിട്ടത്. |
| (ഡി) ഗതാഗത തിരക്ക് ഒഴിവാക്കുന്നതിനുള്ള പദ്ധതിയിൽ കാസർഗോഡ് നഗരത്തെ ഉൾപ്പെടുത്തിയതിന്റെ അടിസ്ഥാനത്തിൽ സ്വീകരിച്ചിട്ടുള്ള തുടർനടപടികൾ വിശദമാക്കുമോ? | (ഡി) കാസർകോഡ് പുതിയ ബസ് സ്റ്റാൻഡ് മുതൽ പഴയ ബസ് സ്റ്റാൻഡ് വരെ " പെഡസ്ട്രിയൻ സേഫ്റ്റി ബാരിയർ " സ്ഥാപിക്കുന്നതിനുള്ള 20 ലക്ഷം രൂപയുടെ ശുപാർശ ജില്ലാ റോഡ് സുരക്ഷാ കൗൺസിൽ, കേരള റോഡ് സുരക്ഷാ അതോറിറ്റിയ്ക്ക് നൽകിയിട്ടുണ്ട്. 08.11.2017 ൽ ചേർന്ന 33-ാം മത് കേരള റോഡ് സുരക്ഷാ അതോറിറ്റി യോഗം ഇതിന് അംഗീകാരം നൽകിയിട്ടുണ്ട്. മുൻപനുവദിച്ച പദ്ധതികളുടെ ധനവിനിയോഗ പത്രം നൽകാത്തതിനാൽ ടി തുക ജില്ലാ റോഡ് സുരക്ഷാ കൗൺസിലിന് കൈമാറിയിട്ടില്ല |

സെക്ഷൻ ഓഫീസർ